ഉത്തരം

(എ) അപ്രകാരം അറിയിപ്പു നൽകിയിരുന്നെങ്കിലും ഗുരുമന്ദിരത്തിൽ വച്ച് മദ്യഷാപ്പു് ലേലം നടത്തിയാൽ അത് ഒരു വലിയ വിഭാഗം ആളുകളുടെ വികാരത്തെ വ്രണപ്പെടുത്തുമെന്നുള്ളതുകൊണ്ട് ലേലം നരസിംഹപുരം ആഡിറോറിയത്തിലേക്ക് മാറി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വ്യാജച്ചാരായ കേസുകൾ

542. [746] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ വ്യാജച്ചാരായ നിർമ്മാണ കേസ്സുകൾ പിടിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഇവയിൽ ചാർജ് ചെയ്തവ എത്ര ;

(ഡി) ശിക്ഷയിനത്തിൽ സർക്കാരിന് ലഭിച്ച തുക എത്ര?

ഉത്തരം

(എ) (ഉണ്ട്).

(ബി) 1986 ഫെബ്രുവരി വരെ 30,559 കേസുകൾ.

(സി) 22,206 കേസുകൾ ഡിപ്പാർട്ടുമെൻറലായി കോമ്പൗണ്ട് ചെയ്യുകയും ബാക്കിയുള്ള 8,353 കേസുകൾ കോടതിയിൽ ചാർജ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ശിക്ഷ ചുമത്തിയ കേസുകളുടെ വിവരം ശേഖരിച്ചുവരികയാണ്.

(ഡി) കോമ്പൗണ്ട് ചെയ്ത കേസുകൾക്കെല്ലാം കൂടി പിഴയിനത്തിൽ 1,16,83,347 രൂപ 75 പൈസ ലഭിച്ചു.

മദ്യലേലത്തുക

543. [745] (ശ്രീ കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87-ലെ പുതിയ സാമ്പത്തികവർഷത്തേക്ക് കള്ളുഷാപ്പുകൾ, ചാരായഷാപ്പുകൾ, വിദേശമദ്യഷാപ്പുകൾ ഇവ ലേലം ചെയ്തുകൊടുത്ത വകയിൽ ഓരോ ഇനത്തിനേറെയും ലേലത്തുക എത്ര വീതം;

(ബി) ഇനി വല്ല സ്ഥലത്തും ഷാപ്പു ലേലം നടക്കുവാനുണ്ടോ ;

(സി) എങ്കിൽ എവിടെയെല്ലാം?

ഉത്തരം

	രൂപ
(എ) കള്ള്	7,63,63,610
ചാരായം	61,76,37,803
വിദേശമദ്യം (ചില്ലറ)	3,71,77,244
വിദേശമദ്യം (മൊത്തം)	5,22,58,511
ആകെ	78,34,37,168

LIBRARY ARCHIVES Kerala Legislative Assembly